നൽകിയ വിശദാംശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ സമിതി പരിഗണിക്കുകയും പ്രസ്തുത സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ കെ.എസ്.ഇ.ബി.എൽ. 2015 ഏപ്രിൽ മാസം മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത വിശദാംശങ്ങൾ 21-7-2015-ൽ ചേരുന്ന സമിതി പരിഗണിക്കുന്നതാണ്.

(സി) പദ്ധതിക്ക് എതിരായ സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. 2015-ഏപ്രിൽ മാസത്തിലാണ് മന്ത്രാലയത്തെ സമീപിച്ചത്. 21-7-2015-ൽ ചേരുന്ന യോഗത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇക്കാര്യം പരിഗണിക്കുന്നതാണ്. ഇതിനുശേഷം മാത്രമേ മന്ത്രാലയത്തിന്റെ പുതിയ നിലപാട് വ്യക്തമാവുകയുള്ളൂ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നാളേക്കിത്തിരി ഊർജ്ജം പദ്ധതി

62 (4644) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളേക്കിത്തിരി ഊർജ്ജം പരിപാടി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് എന്നറിയിക്കുമോ ;

(സി) പ്രസ്തുത പരിപാടി നടപ്പാക്കാൻ മരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റി അവബോധം വളർത്തുക എന്നതാണ് "നാളേക്കിത്തിരി ഊർജ്ജം" പരിപാടിയുടെ പ്രധാന ഉദ്ദേശ്യം. ഇതിനായി സ്കൂൾ കുട്ടികളെ സ്വന്തം ഭവനങ്ങളിലെയും, ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഭവനങ്ങളിലെയും വിദ്യാലയങ്ങളിലെയും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും, വൈദ്യുതിയുടെ പാഴാകൽ ഒഴിവാക്കുന്നതിനും ശ്രദ്ധിച്ചുകൊണ്ട് വൈദ്യുതസംരക്ഷണം പ്രാവർത്തികമാക്കാൻ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ ദൈനംദിനം നടത്തുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിന്, ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊണ്ട് ഒന്നരലക്ഷം ഡയറികൾ സ്കൂൾ കുട്ടികൾക്കിടയിൽ വിതരണം നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങളിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇതിൽ പങ്കാളികളാകുന്ന സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ രൂപീകരിച്ചു. സബ് ഡിവിഷൻ ലെവൽ ഡിമാന്റ് സൈഡ് മാനേജ്മെന്റ് (ഡി.എസ്.എം.) സെല്ലുകളുടെ ആഭിമുഖ്യത്തിൽ ഈ ക്ലബ്ബുകൾക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഡി.എസ്.എം. സെല്ലുകളുടെ റിപ്പോർട്ടുകളെ ക്രോഡീകരിച്ച് വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ നിയമനം

63 (4645) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇലക്ട്രിസിറ്റി വർക്കർ, മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ ; എങ്കിൽ എന്ന് എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിൽ വർക്കർ/മസ്ദൂർ തസ്തികയിൽ, നിലവിൽ ഒഴിവുകളില്ല.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് അംഗീകാരം

64 (4646) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly